# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 2059/11/12/2024/റ്റി വി എം.**

ഹർജിക്കാർ : 1) യുഹാസ് ഇസ്മയിൽ, സുലേഖ മൻസിൽ, കിഴക്കുംകര, കുളത്തൂർ, തിരുവനന്തപുരം
2) ദിപിൻ എൽ വി, അവിട്ടം, കിഴക്കുംകര, കുളത്തൂർ, തിരുവനന്തപുരം. .

എതിർകക്ഷി :

**ഉത്തരവ് തീയതി : 16-01-2025.**

1. സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് 2018 ൽ കൈമാറിയ അരശുംമൂട് കുഴിവിള റോഡിൻറെ നിർമ്മാണം ഇഴഞ്ഞു നീങ്ങുന്നതിനാൽ കാൽനടയാത്ര പോലും അസാധ്യമാണെന്നും പണി എത്രയും വേഗം തീർക്കാൻ അധികാരികൾക്ക് നിർദ്ദേശം നൽകണമെന്നുമാണ് പരാതിയിലെ ആവശ്യം. 2018 ൽ കരാർ എടുത്ത ഉത്തരേന്ത്യൻ കമ്പനിയുടെ അനാസ്ഥ കാരണം പണി പുരോഗമിക്കാതിരുന്നതിനാൽ അവരെ ഒഴിവാക്കി എന്നും നിലവിൽ പ്രതികൂല സാഹചര്യങ്ങൾ അതിജീവിച്ച് പൈപ്പിടുന്ന പ്രവർത്തികൾ പൂർത്തിയാക്കി 8/5/2024 ന് റോഡ് പൊതുപരാമത്ത് വകുപ്പിന് തിരികെ കൈമാറിയിട്ടുണ്ടെന്നുമാണ് കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 14/5/ 2024 ലെ റിപ്പോർട്ട്.

2. കേസ് പരിഗണനക്കെടുത്ത 8/11/2024 ന് ഹർജിക്കാരൻ ഹാജരായി റിപ്പോർട്ടിന് രേഖാമൂലം ആക്ഷേപം സമർപ്പിച്ചു. വാട്ടർ അതോറിറ്റി പല പണികളും പൂർത്തീകരിച്ചിട്ടില്ലെന്നും ടിയാൻ അറിയിച്ചു. പൊതുമരാമത്ത് വകുപ്പിന്റെയും വാട്ടർ അതോറിറ്റിയുടെയും ഉദ്യോഗസ്ഥർ സംയുക്തമായി സ്ഥല പരിശോധന നടത്തി വസ്തുതകൾ ബോധ്യപ്പെട്ട് പ്രശ്നങ്ങളെല്ലാം പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു കൊണ്ട് കമ്മീഷൻ കേസ് 16/1/2025 ലേക്ക് മാറ്റി. മേൽ ഉത്തരവ് പാലിച്ചുകൊണ്ട് കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 15/1/2025 ലെയും പൊതുമരാമത്ത് വകുപ്പ് അസിസ്റ്റൻറ് എൻജിനീയർ 10/1/2025 തീയതിയിലും റിപ്പോർട്ടുകൾ സമർപ്പിച്ചു. പ്രസ്തുത റോഡിലെ പ്രവർത്തികൾ പൂർത്തിയാക്കി 31/ 5/ 2024 ൽ പുനസ്ഥാപന പ്രവർത്തികൾക്കായി പൊതുമരാമത്ത് വകുപ്പിന് കൈമാറിയെന്നും മാൻഹോൾ നമ്പർ 13 പ്രവർത്തിക്കുവേണ്ടി ഒഴുക്ക് തടഞ്ഞിരുന്നത് കൊണ്ടാണ് മാൻഹോൾ നമ്പർ 12ൽ നിന്നും വെള്ളം പുറത്തേക്ക് ഒഴുകിയിരുന്നതെന്നും എന്നാൽ മാൻഹോൾ നമ്പർ 13 പ്രവൃത്തി പൂർത്തിയാക്കിയതോടുകൂടി ഈ തടസ്സം മാറി പ്രശ്ന പരിഹാരമായെന്നും റോഡ് നിരപ്പിൽ 5 c m താഴ്ന്നു നിൽക്കുന്ന 4 മാൻ ഹോളുകൾ ഉയർത്തണമെന്ന പൊതുമരാമത്തിന്റെ

ആവശ്യത്തിനുമേൽ ഉടനടി നടപടി സ്വീകരിക്കുന്നതാണെന്നും വാട്ടർ അതോറിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നു.

3. 1) Ch 0/930 മാൻഹോളിൽ നിന്നുള്ള ഓവർഫ്ളോ വാട്ടർ അതോറിറ്റി പരിഹരിച്ചതിനാൽ ആ ഭാഗത്ത് പൊതുമരാമത്ത് വകുപ്പ് റോഡ് നവീകരണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ടെന്നും 2) Daily Bread എന്ന സ്ഥാപനത്തിന് മുൻപിലുള്ള മാൻഹോൾ ഡമ്മിയായതിനാൽ KWA അത് ക്ലിയർ ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ടെന്നും 3) ..റോഡ് നിരപ്പിൽ നിന്നും താഴ്ന്നു കിടക്കുന്ന 4 മാൻ ഹോളുകൾ ഗതാഗതത്തിന് ബുദ്ധിമുട്ടുണ്ടാകാത്ത വിധം ഉയർത്തി സ്ഥാപിക്കാമെന്നും 4) ടി റോഡിൽ KWA യുടെ സീവറേജ് ലൈൻ പ്രവർത്തികളുമായി ബന്ധപ്പെട്ട് ഉപേക്ഷിച്ച നിലയിൽ കാണുന്ന കൺസ്ട്രക്ഷൻ വേസ്റ്റ് ഉടൻതന്നെ മാറ്റുമെന്നും കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ടെന്നും പൊതുമരാമത്ത് വകുപ്പിന്റെ റിപ്പോർട്ടിൽ പറഞ്ഞു കാണുന്നു. മേൽ പറഞ്ഞിട്ടുള്ള പ്രശ്നങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കും എന്ന് KWA അറിയിച്ചിട്ടുള്ളതിനാൽ റോഡിൻറെ ശോച്യാവസ്ഥയുള്ള ഭാഗങ്ങൾ എത്രയും പെട്ടെന്ന് നന്നാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണെന്നും പിഡബ്ല്യുഡിയുടെ റിപ്പോർട്ടിൽ തുടർന്ന് പറയുന്നു.

4. വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നും ഇനിയും പണികൾ പൂർത്തിയാക്കാൻ ഉള്ളതായിട്ടാണ് റിപ്പോർട്ടുകൾ വെളിവാകുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ റിപ്പോർട്ടിൽ രണ്ട്, മൂന്ന്, നാല് പോയിന്റ് ആയി പറഞ്ഞിട്ടുള്ള പണികൾ കേരള വാട്ടർ അതോറിറ്റി രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കി ആ വിവരം രേഖാമൂലം പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയറെ അറിയിച്ച് റോഡ് PWD ക്ക് കൈമാറണം. തുടർന്ന് ആവശ്യമായ പണികൾ ചെയ്തു പൊതുമരാമത്ത് വകുപ്പ് രണ്ടുമാസത്തിനുള്ളിൽ റോഡ് സഞ്ചാരയോഗ്യമാക്കി action taken report കമ്മീഷൻ മുമ്പാകെ സമർപ്പിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് കമ്മീഷൻ ഈ പരാതിയിലെ നടപടി അവസാനിപ്പിക്കുന്നു. ഒന്നാം ഹർജിക്കാരനും 2) കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും 3) പൊതുമരാമത്ത് വകുപ്പ് പിഡബ്ല്യുഡി റോഡ് സെക്ഷൻ കഴക്കൂട്ടം അസിസ്റ്റൻറ് എൻജിനീയർക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക

( ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

j